# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 135  26.09 .2011ൽ മറുപടിയ്ക്ക്

<u>കാസർഗോഡ് പട്ടണത്തിലെ അക്രമം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) 2009 നവംബർ 15 - ന് കാസർഗോഡ് പട്ടണത്തിലുണ്ടായ അക്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തിന്റെ ഭാഗമായിട്ടാണ് അക്രമം ഉണ്ടായിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ : | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 15.11.2009 - ൽ കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് മുസ്ലീം ലീഗ് സംസ്ഥാന നേതാക്കൾക്ക് നൽകിയ സ്വീകരണ ചടങ്ങിനിടയിൽ ഉണ്ടായ സംഘർഷത്തിൽ ഒരാൾ കുത്തേറ്റ് മരണപ്പെടുകയും മറ്റു രണ്ട് പേർക്ക് പരിക്കേൽക്കുകയുംചെയ്തു. ജനക്കൂട്ടത്തെ പിരിച്ചു വിടാൻ പോലീസ് ഗ്രനേഡും ലാത്തിച്ചാർജും പ്രയോഗിച്ചു. എന്നിട്ടും ജനക്കൂട്ടം പിരിഞ്ഞുപോകാത്തതിനാൽ കൂടുതൽ ജീവനും സ്വത്തിനും അപകടം വരാതിരിക്കുന്നതിനും ആത്മരക്ഷാർത്ഥവും ജില്ലാ പോലീസ് സൂപ്രണ്ട് വെടിവെച്ചു. വെടിവയ്പ്പിൽ ഒരാൾ മരണപ്പെട്ടു. പ്രസ്തുത സംഭവങ്ങളിൽ 27 പോലീസ് ഉദ്യോഗസ്ഥർക്കും 15 പൊതുജനങ്ങൾക്കും പരിക്ക് പറ്റിയിരുന്നു. |
| ബി) അക്രമത്തിന്റെ ഭാഗമായി എത്ര പേർക്ക് ജീവഹാനിയും എത്ര കടയുടമകൾക്ക് നാശ നഷ്ടവും സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | ബി) അക്രമസംഭവങ്ങളിലും പോലീസ് വെടിവയ്പിലും 2 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കെ. സുരേഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ശ്രീകൃഷ്ണ ഹാർഡ്‌വെയേഴ്സ് എന്ന കടയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| സി) ജില്ലയുടെ രൂപീകരണത്തിനുശേഷം സംസ്ഥാന നേതാക്കൾക്ക് സ്വീകരണം നൽകുന്നതുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു അക്രമണം ഇതിന് മുമ്പോ മേൽ സംഭവത്തിനു ശേഷമോ ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | സി) 01.06.2001 -ൽ ശ്രീ ചെർക്കളം അബ്ദുള്ള ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രിയായി സ്ഥാനമേറ്റെടുത്തതിന് ശേഷം അദ്ദേഹത്തിന് ചന്തേര പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ഒളവറ മുതൽ നൽകിയ സ്വീകരണത്തെ തുടർന്ന് അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചന്തേര പോലീസ് സ്റ്റേഷനിൽ 222 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

— —

| | |
|---|---|
| ഡി) മേൽ അക്രമം അന്വേഷിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | ഡി)15.11.2009 - ന് കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് ഉണ്ടായ അക്രമ സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ ശ്രീ എം. എ. നിസ്സാർ അന്വേഷണ കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു. 12.01.2011 - ലെ 84500/എസ്. എസ്.എ2/2009/ആഭ്യന്തരം നമ്പർ വിജ്ഞാപനം പ്രകാരമാണ് കമ്മീഷനെ നിയമിച്ചത്. . |
| ഇ) പ്രസ്തുത ജുഡീഷ്യൽ കമ്മീഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; | ഇ) ഇല്ല. |
| എഫ്) മേൽ കമ്മീഷന്റെ പ്രവർത്തനത്തിനായി 2011 - 12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവോ ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ; | എഫ് ) കമ്മീഷന്റെ പ്രവർത്തന ത്തിനായി 2011 - 12 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം രൂ. 6,75,000/- (ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. |
| ജി) കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ തുക പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും കമ്മീഷന്റെ പ്രവർത്തനം മുന്നോട്ടു പോകുകയും ചെയ്ത സാഹചര്യത്തിൽ മേൽ ജുഡീഷ്യൽ കമ്മീഷനെ പിരിച്ചുവിടാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ? | ജി) കാസർഗോഡ് പോലീസ് വെടിവെപ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകണമെന്നും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ